72/2021

"ഭരണഭാഷ- മാതൃഭാഷ"

# കേരള സർക്കാർ

## സംഗ്രഹം

ഊർജ്ജ വകുപ്പ് - കോവിഡ് 19 രോഗവ്യാപനം - രണ്ടാം തരംഗം - സംസ്ഥാനത്തെ സിനിമാ തിയേറ്ററുകളുടെ ലോക്ഡൗൺ കാലമുൾപ്പെടെ അടഞ്ഞു കിടന്നിരുന്ന 5 മാസ കാലയളവിലെ വൈദ്യുതി ബില്ലിലെ ഫിക്സഡ് ചാർജിന് ഇളവ് നൽകുന്നതിനും ബാക്കി തുക ഗഡുക്കളായി അടയ്ക്കുന്നതിന് അനുവാദം നൽകുന്നതിനും കെ.എസ്.ഇ.ബി ലിമിറ്റഡിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ഊർജ്ജ (എ) വകുപ്പ്

G.O.(Rt)No.215/2021/POWER തീയതി,തിരുവനന്തപുരം, 22/12/2021

---

പരാമർശം:- 1. 01/12/2021-ലെ ബഹു.വൈദ്യുതി വകുപ്പ് മന്ത്രിയുടെ 478/M(Ele)/Note/2021 നമ്പർ കുറിപ്പ്

## ഉത്തരവ്

കോവിഡ് 19 രോഗവ്യാപനത്തിലെ രണ്ടാംതരംഗവും ലോക്ഡൗണും അനുബന്ധ സാഹചര്യങ്ങളും നിമിത്തം സംസ്ഥാനത്തെ സിനിമാ തിയേറ്ററുകൾ മാസങ്ങളോളം അടഞ്ഞു കിടന്ന സാഹചര്യത്തിൽ കെ.എസ്.ഇ.ബി ലിമിറ്റഡുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കേണ്ട കാര്യങ്ങൾ സർക്കാർ വിശദമായി പരിശോധിച്ചു. ഈ സാഹചര്യത്തിൽ സംസ്ഥാനത്തെ സിനിമ തിയേറ്ററുകൾക്ക് ചുവടെ പറയുന്ന ഇളവുകൾ അനുവദിക്കുന്നതിന് കേരള സംസ്ഥാന ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

| | |
|---|---|
| 1 | സംസ്ഥാന സിനിമാ തിയേറ്ററുകൾക്ക് 2021 ജൂൺ മുതൽ 2021 ഒക്ടോബർ മാസം വരെയുള്ള (5 മാസം) കാലയളവിലെ ഫിക്സഡ്/ഡിമാന്റ് ചാർജ്ജിൽ 50% ഇളവ് അനുവദിക്കുക. |
| 2 | ഇളവ് കഴിച്ച് ബാക്കിയുള്ള തുക അടയ്ക്കുന്നതിന് 6 തുല്യ മാസ തവണകൾ അനുവദിക്കേണ്ടതാണ്. |
| 3 | ഏതെങ്കിലും തീയേറ്ററുകൾ, ഇക്കാലയളവിലെ വൈദ്യുതി ബില്ലുകൾ ഭാഗികമായോ പൂർണ്ണമായോ അടച്ചിട്ടുണ്ടെങ്കിൽ, അർഹമായ ഇളവുകൾ തുടർന്നുള്ള ബില്ലുകളിൽ ക്രമപ്പെടുത്തി നൽകേണ്ടതാണ്. |

(2) പൊതു താത്പര്യം കണക്കിലെടുത്ത് ഇക്കാര്യം സുഗമമായി നടപ്പിലാക്കുന്നതിന്, കെ.എസ്.ഇ.ബി. ലിമിറ്റഡിന് കമ്പനിയുടെ ആർട്ടിക്കിൾ ഓഫ് അസ്സോസിയേഷൻ വകുപ്പ് 55 പ്രകാരവും സെക്ഷൻ 108 ഇലക്ട്രിസിറ്റി ആക്ട് 2003 പ്രകാരം ഇത് നയപരമായ ഒരു തീരുമാനമായി അംഗീകരിക്കുന്നതിന് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റഗുലേറ്ററി കമ്മീഷനും നിർദ്ദേശം നൽകുന്നു.

(3) ബന്ധപ്പെട്ട ബോർഡ് ഉത്തരവ് കെ.എസ്.ഇ.ബി ലിമിറ്റഡ് ചെയർമാൻ & മാനേജിംഗ്

ഡയറക്ടർ പുറപ്പെടുവിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
Rajesh Kumar Sinha
Principal Secretary

1.ചെയർമാൻ & മാനേജിംഗ് ഡയറക്ടർ, കെ.എസ്.ഇ.ബി ലിമിറ്റഡ്,തിരുവനന്തപുരം

2.സെക്രട്ടറി, കെ.എസ്.ഇ.ആർ.സി, കെ.പി.എഫ്.സി ഭവനം, വെള്ളയമ്പലം, തിരുവനന്തപുരം

3. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്), കേരള, തിരുവനന്തപുരം.

ഉത്തരവിൻ പ്രകാരം
സെക്ഷൻ ഓഫീസർ